# അക്കാദമിക മാസ്റ്റർ പ്ലാൻ
2025-26

## പി. എൽ. എം.എൽപി എസ്
## ആയിരനെല്ലൂർ

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : പി എൽ എം എൽ പി എസ്

ആയിരനല്ലൂർ

സ്കൂൾ കോഡ്: 40327

വിദ്യാഭ്യാസ ഉപജില്ല : അഞ്ചൽ

വിദ്യാഭ്യാസ ജില്ല: കൊല്ലം

ബി ആർ സി : അഞ്ചൽ

സി ആർ സി : ഏരൂർ

ഗ്രാമപഞ്ചായത്ത്: ആയിരനെല്ലൂർ

താലൂക്ക് :പുനലൂർ

വാർഡ് :4

Email: plmlpsayiranalloor@gmail.com

ആമുഖം

പത്തനാപുരം താലൂക്കിലെ ഏരൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ആയിരനെല്ലൂർ ഗ്രാമത്തിന്റെ ഹൃദയഭാഗത്താണ് പി. ലക്ഷ്മണൻ മെമ്മോറിയൽ എൽ പി .സ്കൂൾ സ്ഥിതി ചെയ്യുന്നത് കിഴക്ക് റിസർവനവും വടക്ക് കല്ലടയാറും പടിഞ്ഞാറ് റിഹാബിലിറ്റേഷൻ പ്ലാന്റേഷനും തെക്ക് എണ്ണപ്പന തോട്ടവും ആണ് ഈ സ്ഥലത്തിന്റെ അതിരുകൾ.

## <u>വിദ്യാലയ ചരിത്രം</u>

കേവലം കർഷകനായ പുനലൂർ കക്കോട് സ്വദേശിയായ ശ്രീമാൻ. പി. ലക്ഷ്മണൻ അവർകളുടെ ശ്രമഫലമായി 01-06-1976 ൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. അന്ന് കല്ലടയാറിനു കുറുകേ പാലമുണ്ടായിരുന്നില്ല. കടത്തുകടന്ന് 4 കി.മീറ്റർ നടന്നാണ് കുട്ടികൾ അന്ന് ഇടമൺ ഗവ.എൽ.പി.എസ്സിൽ എത്തേണ്ടത്. ആയതിനാൽ പ്രായപരിധിക്ക് ഉപരിയായിട്ടുള്ള കുട്ടികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കാൻ ഈ വിദ്യാലയം ഉപകരിച്ചു. കൂടാതെ ശ്രീലങ്കൻ അഭയാർത്ഥികളുടെ കുട്ടികളും ഇവിടെ പഠനം നടത്തിയിരുന്നു. അവർക്കായി ഒരു തമിഴ് അധ്യാപികയും ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു. എന്നാൽ റീഹാബിലേഷൻ

പ്ലാൻറേഷനിലെ കേളൻകാവ് തമിഴ് മീഡിയം ഗവ. എൽ. പി. എസ് ആരംഭിച്ചപ്പോൾ തമിഴ് പോസ്റ്റ് അബോളിഷ് ചെയ്തു. എന്നാൽ ഇപ്പോൾ കല്ലടയാറിനു കുറുകേ പാലം നിർമ്മിച്ചതിനാൽ ഇംഗ്ലീഷ്മാനിയ പിടിപെട്ട രക്ഷകർത്താക്കൾ അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് കുട്ടികളെ വിടാൻ ഉത്സാഹം കാട്ടുന്നു. അഞ്ച് സ്കൂൾ ബസ്സുകളാണ് ഈ സ്ഥലത്തുവന്ന് കുട്ടികളെ കൊണ്ട്പോകുന്നത്. ആദ്യം ഓരോ ക്ലാസ്സും മൂന്നു ഡിവിഷൻ വീതം ഉണ്ടായിരുന്നത് ഇപ്പോൾ ഒന്നായി ചുരുങ്ങി. ഈ സ്കൂളിൻറെ സ്ഥാപകനായ ശ്രീമാൻ പി. ലക്ഷ്മണൻ 2010 മെയ് മാസം 9-ാം തീയതി മരണമടഞ്ഞു. തുടർന്ന് അദ്ദേഹത്തിൻറെ ഭാര്യയായ വിജയമ്മ ആ സ്ഥാനം എറ്റെടുക്കുകയും അദ്ദേഹത്തിൻറെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി സ്കൂളിൻറെ പേര് പി ലക്ഷ്മണൻ മെമ്മോറിയൽ എൽ പി സ്കൂൾ എന്നു മാറ്റി ഉത്തരവാക്കുകയും ചെയ്തു.

# പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക
- ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകമായ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക ആക്ടീവ് വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം
- ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ സ്കൂൾ ഉച്ചഭക്ഷണത്തിനായി പച്ചക്കറികൾ നട്ടു വളർത്തി കുട്ടികളുടെ മേൽനോട്ടത്തിൽ വിളവെടുക്കൽ
- മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ
- ക്ലാസ് ടെസ്റ്റുകൾ നടത്തി കുട്ടി നേടിയതും നേടാത്തതുമായ പാർട്ടി പ്രവർത്തനങ്ങൾ രക്ഷകർത്താക്കളെ അറിയിക്കൽ
- ഓരോ അധ്യാപകരും എന്റെ കുട്ടി എന്ന കാഴ്ചപ്പാടിൽ ഓരോ കുട്ടിയുടെ സകല വിവരങ്ങളും ശേഖരിക്കും
- ശാരീരികവും മാനസികവും ഉണർവിന് പരിശീലനം എല്ലാ ദിവസവും നടത്തപ്പെടും
- കുട്ടികളുടെ സർഗാത്മകത പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കല കായിക പ്രവർത്തിപരിചയ വിദ്യാഭ്യാസം നൽകാൻ
- ഡയറി എടുത്ത് എല്ലാ ദിവസവും നിർബന്ധപൂർവ്വം എഴുതി പരിശീലിപ്പിക്കൽ
- സമ്പാദ്യ ശീല വളർത്തിയെടുക്കുന്ന തരത്തിൽ ദേശീയ സമ്പാദി പദ്ധതിയിൽ പങ്കാളിയാക്കൽ
- ബാല സൗഹൃദം ഉറപ്പാക്കാൻ ബാലാവകാശ സാക്ഷരത വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യം മുൻനിർത്തി കേരള ബാലാവകാശ സംരക്ഷണം നടപ്പാക്കുന്ന റേഡിയോ നെല്ലിക്ക എന്ന പരിപാടി എല്ലാദിവസവും അരമണിക്കൂർ വിദ്യാലയത്തിൽ പ്രക്ഷേപണം ചെയ്യൽ

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ○ അക്കാദമി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകർ<br><br>○ സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ ജനാധിപത്യ വേദികൾ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br><br>○ കൃഷിയുടെ പ്രാധാന്യം ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾ പ്രധാനം ചെയ്യൽ<br><br>○ പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് | ○ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br><br>○ വായനയ്ക്ക് പ്രാധാന്യം നൽകുന്നു എങ്കിലും വായനയിൽ പിന്നോട്ടായ കുട്ടികളുടെ എണ്ണം കൂടുതലാണ്<br><br>○ കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ട തുണ്ട് 40% കുട്ടികളെ എങ്കിലും പിന്നോക്കക്കാരാണ്<br><br>○ ആധുനികരീതി നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടസമുച്ചയം ലഭ്യമല്ല<br><br>○ ക്ലാസ് മുറികൾ ഐസിടി ലഭ്യത ഉറപ്പാക്കുന്നതല്ല |

| | |
|---|---|
| പരിഹാര ബോധന ക്ലാസ്<br><br>○ കലാപഠനം പ്രവർത്തി പരിചയം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br><br>○ ശാസ്ത്രമേള അറബി കലോത്സവം എന്നിവയിൽ തിളക്കമാർന്ന വിജയം<br><br>○ എൽഎസ്എസ് പരീക്ഷയിൽ വിജയം നേടിയിട്ടുണ്ട്<br><br>○ സ്മാർട്ട് ക്ലാസ്സ് മുറിയൊരിക്കിയ വിദ്യാലയം | ○ ക്ലാസ് മുറിയായി തിരിച്ചിട്ടില്ല<br><br>○ മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണ് |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും വേണ്ടി പ്രാപ്തരാക്കുന്നു.

- കുട്ടികൾ അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിൽ ആശയ വിനിമയശേഷി നേടിയെന്ന് ഉറപ്പുവരുത്തുന്നു.

- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കും

- ഭാഷാ വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തും .

- മികച്ച വായനശീലം വളർത്തുക
- ക്ലാസ് റൂം ലൈബ്രറി ക്രമീകരിക്കുക

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിൽ ഭയത്തോടെ സംസാരിക്കാതെ കുട്ടികൾ സ്വന്തം ഭാഷയിൽ സംസാരിക്കാൻ അവസരം നൽകുന്നു.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക .
- ക്ലാസ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

- പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ രക്ഷിതാവും കുട്ടിയും പങ്കാളികളാകുക

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള വളർത്തുക ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ
- ശാസ്ത്രീയ കാഴ്ചപ്പാട് രൂപപ്പെടുത്തുവാൻ ആവശ്യമായ അനുഭവം ഒരുക്കുക

- ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

## സാമൂഹിക അവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക സമൂഹത്തിന്റെ വളർച്ചയിൽ സ്വന്തം പങ്കാളിത്തം തിരിച്ചറിയൽ
- ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ
- ജീവിത സംസ്കാരം വളർത്തിയെടുക്കുന്നു

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക ഗണിതത്തെ ജീവിതമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കലും വിഭാഗം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക
- ഗണിത ചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
- പ്രവർത്തിപരിചയം
- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ നിർമ്മാണ വസ്തുക്കളോ വികസിപ്പിക്കുന്നതിനുള്ള കഴിവ് വളർത്തുക
- ഇതര വിഷയങ്ങളുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കാൻ പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക

- **ആരോഗ്യ ശീലങ്ങൾ വളർത്തുക**
- **ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകൽ**
- **അറബിക്**
- **കുട്ടികളെ ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതുവാനും പ്രാപ്തരാക്കുക**
- **അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു**
- **ഭാഷ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തും**

## ഐസിടി സാധ്യതകൾ

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിവിദ്യയുടെ അനന്തരസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു
- കുട്ടികൾക്ക് സ്വതന്ത്രമായ കമ്പ്യൂട്ടർ ഉപയോഗം

# അക്കാദമിക മികവിന് ഊന്നൽ നൽകുന്ന പ്രധാന പ്രവർത്തനങ്ങൾ

## മലയാളം

- കഥ പൂർത്തിയാക്കൽ
- ഡയറി എഴുത്ത്
- പോസ്റ്റർ നിർമ്മാണം
- ആൽബം തയ്യാറാക്കൽ
- കവിതാരചന
- വായന കുറുപ്പ്
- രചനാ പരിചയക്കുറപ്പ്
- യാത്രാവിവരണം
- കഥ വികസിപ്പിക്കൽ
- സംഭാഷണം തയ്യാറാക്കൽ
- നീ കണ്ടു വികസിപ്പിക്കൽ
- പത്രവാർത്ത വായന

## ENGLISH

- **Role play**
- **Story telling**
- **Word challenge**
- **Reading pass**
- **English assembly**
- **One day one word**
- **Simple communication**

## ഉപസംഹാരം

 പിഎൽഎം എൽപിഎസ് ആയിരനല്ലൂർ സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്  കൃത്യമായ ദിശ ബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടിയുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന് ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ  സഹായിക്കും